(ബി) ക്രൈംബ്രാഞ്ച് അന്വേഷണം കാര്യക്ഷമമായി നടത്തിവരുന്നതിനാലും അന്വേഷണം അന്തിമ ഘട്ടത്തിലായതിനാലും സി. ബി. ഐ. അന്വേഷണം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കരിപ്പൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ നടപടി

46 [809] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ എയർപോർട്ട് സ്ഥിതി ചെയ്യുന്ന കരിപ്പൂർ പ്രദേശത്ത് പുതുതായി അനുവദിച്ച പോലീസ് സ്റ്റേഷൻ ഇതുവരെ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ;

(സി) ഈ പോലീസ് സ്റ്റേഷൻ എന്ന് പ്രവർത്തനമാരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുവാൻ ത്വരിത ഗതിയിൽ നടപടികൾ എടുത്തുവരികയാണ്.

(ബി) 26-6-2004-ലെ ജി. ഒ. (എം. എസ്.) നമ്പർ 229/04/ ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം കരിപ്പൂർ പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിക്കാൻ നിർവ്വാഹമില്ല എന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പോലീസ് സ്റ്റേഷനു വേണ്ട സ്ഥലം കണ്ടെത്തുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കെട്ടിടവും സ്ഥല സൗകര്യങ്ങളും ലഭ്യമായാലുടനെ പോലീസ് സ്റ്റേഷന്റെ പ്രവർത്തനമാരംഭിക്കുന്നതിന് സാധിക്കുന്നതാണ്.

പമ്പാവാലി പ്രദേശം എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി

47 [810] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാവാലി പ്രദേശം പമ്പ പോലീസ് സ്റ്റേഷന്റെ പരിധിയിൽ നിന്നും മാറ്റി എരുമേലി പോലീസ് സ്റ്റേഷന്റെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് എം. എൽ. എ. നൽകിയ അപേക്ഷയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം ഉത്തരവുകൾ നാളിതുവരെ പുറപ്പെടുവിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ; അവയുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) എം. എൽ. എ. സമർപ്പിച്ച അപേക്ഷയിൻമേൽ പോലീസ് ഡയറക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചുവരുന്നു.

പോലീസ് ഓഫീസർ ഒഴിവുകളിലേക്ക് നിയമനം നടത്താൻ നടപടി

48 [811] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഒഴിവുള്ള പോലീസ് ഓഫീസർ തസ്തികകളിലേക്ക് ഓരോ വർഷവും പി. എസ്. സി. റിക്രൂട്ട്മെന്റ് നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതു പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തു അവ നികത്തുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

തിരുവില്വാമല പോലീസ് ചാർജ്ജിങ്ങ് സ്റ്റേഷൻ

49 [812] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നിയോജകമണ്ഡലത്തിൽ തിരുവില്വാമല പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിതമായതെന്നാണെന്ന് പറയാമോ;

(ബി) ഈ ഔട്ട് പോസ്റ്റിന്റെ ഇപ്പോഴത്തെ ചുമതലകൾ എന്തെല്ലാമാണ്;

(സി) ഈ ഔട്ട് പോസ്റ്റ് ചാർജ്ജിങ് സ്റ്റേഷനാക്കി ഉയർത്തുവാനുള്ള സാഹചര്യം നിലവിലുള്ളതായി അറിയാമോ;

(ഡി) എങ്കിൽ ഇതിനെ ചാർജ്ജിങ് സ്റ്റേഷനാക്കി ഉയർത്താനുള്ള നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ ഔട്ട് പോസ്റ്റ് ചാർജ്ജിങ് സ്റ്റേഷനാക്കി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly